കൊടുക്കാനും കഴിയും; ഇതിൽ അടിയന്തിര നടപടിയുണ്ടായില്ലെങ്കിൽ കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടാകും. ഈ ഗവൺമെന്റിനെ സംബന്ധിച്ച് കർഷകർക്ക് പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കുമ്പോൾ കരിമ്പ് കർഷകർക്ക് കൊടുക്കേണ്ട കാശ് കൊടുക്കാത്തത് വളരെയേറെ പരിതാപകരമാണ്. ഇതിൽ അടിയന്തിര നടപടിയുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപര്യമെടുക്കണമെന്നഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ചിറ്റൂർ ഷുഗർ മില്ലിൽനിന്ന് കൃഷിക്കാർക്ക് പണം കൊടുക്കുവാനുണ്ടെന്നുള്ളത് ശരിയാണ്. അത് വളരെ ദയനീയമായ പ്രശ്നമാണ്. അതിന്റെ മാനുഷികവശം ഗവൺമെന്റ് കാണുന്നു. എന്തായാലും കഴിഞ്ഞ ക്യാബിനറ്റ് ഒരു തീരുമാനം എടുത്തിട്ടുണ്ട്. ചിറ്റൂർ ഷുഗർ മിൽ സംബന്ധിച്ചുള്ള ഒരു അന്തിമ തീരുമാനം ഉണ്ടാകും. ഫൈനാൻസ് മിനിസ്റ്ററും വ്യവസായ വകുപ്പു മന്ത്രിയുംകൂടി ഡിസ്ക്സ് ചെയ്തിട്ട് വീണ്ടും ആ പ്രൊപ്പോസൽ അടുത്ത ക്യാബിനറ്റിൽ കൊണ്ടുവരാനാണ് പറഞ്ഞിരിക്കുന്നത്. ആ മുറയ്ക്ക് ഇതിന്റെ കടങ്ങളും ബാധ്യതകളുമൊക്കെ വീട്ടുമ്പോൾ കർഷകർക്ക് കൊടുക്കാനുള്ള തുക കൊടുക്കുവാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. [10.00 a.m.]

(6) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള ആനുകൂല്യങ്ങൾ

ശ്രീ. എൻ. രാജൻ: സർ, പതിനെട്ടരലക്ഷം പേർ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ ആനുകൂല്യങ്ങൾക്ക് തീരുമാനം ഉണ്ടാകണമെന്നാണ് എന്റെ നിർദ്ദേശം. 143,840 അപേക്ഷകൾ ആനുകൂല്യങ്ങൾക്കു വേണ്ടി ആ ക്ഷേമനിധി ബോർഡിൽ കെട്ടിക്കിടക്കുന്നു. അമ്പത്തിയെട്ടു കോടി രൂപ ചെലവു വരും. അധിവർഷ ആനുകൂല്യത്തിനു വേണ്ടിയുള്ള അപേക്ഷകൾ 95,615 എണ്ണം ഉണ്ട്. അതിൽ അപേക്ഷകരായിട്ടുള്ളവരിൽ പലരും അറുപത് വയസ്സ് കഴിഞ്ഞുള്ള കർഷക തൊഴിലാളികളാണ്; പലരും ഇന്ന് ജീവിച്ചിരിപ്പില്ല. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ചർച്ചാ വേളയിൽ മറുപടി പറഞ്ഞത് അധിവർഷ ആനുകൂല്യം മാത്രമേ നിർത്തിവച്ചിട്ടുള്ളൂ; ബാക്കിയുള്ളതെല്ലാം കൊടുക്കുന്നുണ്ട് എന്നാണ്. ആ ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്നു പറയുന്നത് അധിവർഷ ആനുകൂല്യം തന്നെയാണ്. അതിനുവേണ്ടിയുള്ള 95,615 അപേക്ഷകൾ പെന്റിംഗ് ആണ്. ഈ ആനുകൂല്യത്തിന്റെ വിതരണം നിർത്തി വച്ചിരിക്കുകയാണ്. അത് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം. അതുപോലെ തന്നെ ഇരുപത്തിനാല് മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. മുപ്പത്തിയാറു മാസം ഭരിച്ച ഗവൺമെന്റിന് ഇരുപത്തിനാലു മാസത്തെ കുടിശ്ശികയാണ് വന്നിരിക്കുന്നത്. ഈ ഓണക്കാലത്ത് ആ പെൻഷൻ കുടിശ്ശിക തീർത്ത് കൊടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. അധിവർഷ ആനുകൂല്യങ്ങൾ പുനസ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികളും ഉണ്ടാകണമെന്നാണ് എന്റെ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, അദ്ദേഹം ഈ ബോർഡിന്റെ ചെയർമാൻ ആയിരുന്നതുകൊണ്ട് അദ്ദേഹത്തിന് വ്യക്തമായി അറിയാം. അധിവർഷ ആനുകൂല്യം കൊടുക്കുവാൻ കഴിയാതെ എഴുതി വച്ചിരിക്കുന്നു എന്നുള്ളതാണ് ഇതിന്റെ വസ്തുത. ഒരു വർഷം അധിവർഷ ആനുകൂല്യം കൊടുക്കുന്നതിനു വേണ്ടി മാത്രം അറുപത്തിയഞ്ചു കോടി രൂപ വേണം. ഈ ബോർഡിന്റെ ആകെ ഒരു വർഷത്തെ വരുമാനം മൂന്നു കോടി നാലു കോടിരൂപയാണ്. ആ ഒരു ആനുകൂല്യം കൊടുക്കുവാൻ വേണ്ടി മാത്രം അറുപത്തിയഞ്ചു കോടി രൂപ വേണ്ടിവരും. ഇത് എന്താണെന്നുവച്ചാൽ അധിവർഷ ആനുകൂല്യമെന്നു പറഞ്ഞ് എഴുതിവച്ചിരിക്കുന്ന ആനുകൂല്യം പിന്നീട് അമെന്റ്മെന്റ് വരുത്തി കൊണ്ടു വന്നതാണ്. 52, 53, 54 വയസ്സ് ഉള്ളപ്പോൾ അംഗമായി ചേരും. മൂന്നു രൂപ വീതം പന്ത്രണ്ടു മാസം, മുപ്പത്തിയാറും മുപ്പത്തിയാറും എഴുപത്തിരണ്ടു രൂപ ബോർഡിൽ അടയ്ക്കുമ്പോൾ അയ്യായിരം രൂപ തിരിച്ചു കൊടുക്കും. അതാണ് ഇപ്പോൾ വന്നിരിക്കുന്നത്. അതുകൊണ്ട് ഈ വർഷം ബജറ്റിൽ നാല്പത്തിനാലു കോടി രൂപ കർഷക തൊഴിലാളികൾക്ക് പെൻഷനും ആനുകൂല്യവും കൊടുക്കുവാൻ മാറ്റി വച്ചു. ഒരു വർഷം നാല്പത്തിനാല് കോടിയിൽ കൂടുതൽ രൂപ ഒരു വിഭാഗത്തിനു വേണ്ടി മാത്രം കൊടുക്കുവാൻ വേണ്ടി നീക്കിവയ്ക്കുകയാണ്. ഈ ബജനാവിൽ ഉള്ളതിന്റെ നല്ല ഒരു വിഹിതം നീക്കി വച്ചിരിക്കുന്നു. നാല്പത്തിയാറുകോടി രൂപ കൊടുത്താൽ രണ്ടു ഗഡു പെൻഷൻ കൊടുക്കാനേ പറ്റൂ. ഇരുപത്തിനാലു കോടി രൂപ വേണം ഒരു ഗഡു പെൻഷൻ കൊടുക്കുവാൻ. ഇതാണ് സ്ഥിതി. ഗവൺമെന്റിന്റെ സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി ഇക്കാര്യത്തിൽ ചെയ്യും.

(7) താമരശ്ശേരിയിൽ മുൻസിഫ് കോടതി അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മോയിൻകുട്ടി: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി റെക്കമെന്റ് ചെയ്തിട്ട് ആറു വർഷമായി എങ്കിലും താമരശ്ശേരി മുൻസിഫ് കോടതി ഇന്നും യാഥാർത്ഥ്യമായിട്ടില്ല, നൂറു കിലോമീറ്റർവരെ യാത്ര ചെയ്താണ് കോഴിക്കോട്ടുള്ള മുൻസിഫ് കോടതിയിൽ ആളുകൾ എത്തുന്നത്. ഒരു കോടിയിൽപ്പരം രൂപ മുതൽമുടക്കുള്ള മനോഹരമായ കെട്ടിടം താമരശ്ശേരിയിലുണ്ട്. രണ്ട് മജിസ്ട്രേറ്റു കോടതികൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. അവിടെ ആറു വർഷം മുമ്പ് റെക്കമെന്റ് ചെയ്തിട്ടുള്ള മുൻസിഫ് കോടതി വളരെ അടിയന്തിരമായി പ്രാവർത്തികമാക്കണമെന്നാണ് എന്റെ സബ്മിഷൻ. മലയോര കുടിയേറ്റ മേഖലയിൽനിന്ന് എത്തിച്ചേരാനുള്ള ദുരിതം, സമയ നഷ്ടം, സാമ്പത്തിക നഷ്ടം ഇതൊക്കെ വലിയ പ്രശ്നമാണ്. അതുകൊണ്ട് എല്ലാ ഭൗതിക സൗകര്യങ്ങളുമുള്ള താമരശ്ശേരിയിൽ മുൻസിഫ് കോടതി അടിയന്തിരമായി പ്രാവർത്തിക മാക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അങ്ങയോട് അഭ്യർത്ഥിക്കു വാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly